പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 202* 7.2.2019 -ൽ മറുപടിയ്ക്ക്

## മലബാർ റിവർ ക്രൂയിസ് പദ്ധതി

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി |
|---|---|---|---|
| എ) | വിനോദ സഞ്ചാരികൾക്ക് നിലവാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ അനാരോഗ്യ പ്രവണതകൾ നിരോധിക്കുന്നതിനും ടൂറിസം റഗുലേറ്ററി അതോറിറ്റി കേരള രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | | ഉണ്ട്. ടൂറിസം റഗുലേറ്ററി അതോറിറ്റിയുടെ രൂപികരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ടൂറിസം മേഖലയിൽ അനഭിലക്ഷണീയമായ പ്രവണതകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുക; വിനോദ സഞ്ചാരികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കപ്പെട്ടാൽ അത് സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കുക.<br>2. നിയമാനുസൃതമായ ലൈസൻസില്ലാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.<br>3. കേരള സർക്കാരോ കേന്ദ്ര സർക്കാരോ ടൂറിസം രംഗത്ത് നടപ്പാക്കുന്ന ലൈസൻസ്/ ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു ഉറപ്പുവരുത്തുക.<br>4. ടൂറിസം രംഗത്തെ നിയമ ലംഘന പ്രവൃത്തികൾ ജുഡീഷ്യൽ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക<br>5. ടൂറിസം രംഗത്തെ സേവന ദാതാക്കൾ ഗുണനിലവാരമുള്ള സേവനം നൽകുന്നു എന്നു ഉറപ്പുവരുത്തുക.<br>6. ടൂറിസം രംഗത്തെ നിയമവിരുദ്ധ പ്രവൃത്തികൾക്ക് പിഴ നിശ്ചയിക്കുക.<br>7). ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഭരണ/ ധനപരമായ പ്രവൃത്തികൾ നടപ്പാക്കുക |

| | | | |
|---|---|---|---|
| ബി) | മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | ഉണ്ട്. മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ള 17 നിർമ്മാണ പദ്ധതികളിൽ 14 എണ്ണം കണ്ണൂർ ജില്ലയിലും 3 എണ്ണം കാസർഗോഡ് ജില്ലയിലുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി താഴെ പറയുന്ന പ്രകാരമാണ്.<br>1. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - 17 പൈലുകളുടെ നിർമ്മാണം പൂർത്തിയായി<br>2. പഴയങ്ങാടി ബോട്ട് ടെർമിനൽ, കണ്ണൂർ - നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.<br>3. ചാമ്പാട് ബോട്ട് ടെർമിനൽ, കണ്ണൂർ- സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ പദ്ധതി മാമ്പറത്തേക്ക് മാറ്റാൻ തീരുമാനിച്ചു.<br>4. പെരിങ്ങത്തൂർ ബോട്ട് ടെർമിനൽ, കണ്ണൂർ- സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.<br>5. മോന്താൽ ബോട്ട് ടെർമിനൽ, കണ്ണൂർ- സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.<br>6. ധർമ്മടം ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതിക അനുമതി ലഭിച്ചു. മുൻ നിശ്ചയിച്ച സ്ഥലത്ത് പദ്ധതി പ്രായോഗികമല്ലാത്തതിനാൽ ചിറക്കുനി എന്ന സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>7. കരിയാട് ബോട്ട് ടെർമിനൽ കണ്ണൂർ - സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചു.<br>8. പാറപ്രം ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല.<br>9. കമ്പനിമെട്ട ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതിക അനുമതി ലഭിച്ചു. ചേരിക്കലിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>10. കക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതിക അനുമതി ലഭിച്ചു. ടെണ്ടർ |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിച്ചു.<br>11. ന്യൂമാഹി ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതിക അനുമതി ലഭിച്ചു - ടെണ്ടർ നടപടി സ്വീകരിച്ചു.<br>12. പാത്തിക്കൽ ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതിക അനുമതി ലഭിച്ചു - ടെൻണ്ടർ നടപടി സ്വീകരിച്ചു<br>13. മുക്കവച്ചേരി ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>14. പുന്നക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതിക അനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചു.<br>കാസർഗോഡ്<br>1. കോട്ടപ്പുറം - സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല<br>2. മാവിലാക്കടപ്പുറം - സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല<br>3. മാടക്കൽ - സാങ്കേതിക അനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സഹായങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | സി) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിന്റെ ഭാഗമായ റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി 8037.38 ലക്ഷം രൂപയുടെ അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. താഴെ പറയുന്ന ഘടകങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.<br>1. മാൻഗ്രോവ് ക്രൂയിസ്-1760.36 ലക്ഷം രൂപ<br>2. തെയ്യം ക്രൂയിസ്-1798.76 ലക്ഷം രൂപ.<br>3. മുത്തപ്പൻ & മലബാറി ക്യുസിൻ ക്രൂയിസ്-4095.53 ലക്ഷം രൂപ<br>4. ആർക്കിടെക്ചറൽ കൺസൾട്ടൻസി ചാർജ് (2%)-153.093 ലക്ഷം രൂപ<br>5. കണ്ടിൻജൻസി ചാർജ് (3%)-229.64 ലക്ഷം രൂപ<br>**ആകെ- 8037.38 ലക്ഷം രൂപ** |

സെക്ഷൻ ഓഫീസർ